പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.153 03.10.2016 - ൽ മറുപടിയ്ക്ക്

## '108' ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള :<br>ശ്രീ.വി.കെ ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ.പി.കെ.ബഷീർ : | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
|---|---|
| (എ) '108' ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്റ്റ് (KEMP) തിരുവനന്തപുരം ജില്ലയിൽ 25 അഡ്വാൻസ് ലൈഫ് സപ്പോട്ട് ആംബുലൻസുകളുമായി 2010 മെയ് മാസം 19 ന് പൈലറ്റ് പ്രോജക്റ്റായി പ്രവർത്തനം ആരംഭിച്ചു. പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി) എന്ന മോഡലിൽ പ്രാവർത്തികമാക്കിയ ഈ പദ്ധതിയുടെ നടത്തിപ്പവകാശം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആദ്യം സികിത്സ ഹെൽത്ത് കെയർ എന്ന കമ്പനിക്കും പിന്നീട് ടെണ്ടർ മുഖാന്തിരം 16.10.2013 ൽ ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനിക്കും നൽകി. പിന്നീട് വിവിധ കാരണങ്ങളാൽ 16.07.2015 മുതൽ പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാർ ആരോഗ്യവകുപ്പിനു കീഴിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെയും ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റിയുടെയും സഹകരണത്തോടെ നടത്തി വരികയാണ്. തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും, ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളുമാണ് പ്രസ്തുത പദ്ധതിക്കായി വിന്യസിച്ചിരിക്കുന്നത്. |
| (ബി) സർവ്വീസ് നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്ന ഏജൻസിയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) 19.05.2010 മുതൽ 15.07.2015 വരെ മാത്രമാണ് പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് മാതൃകയിൽ പ്രൈവറ്റ് ഓപ്പറേറ്റേഴ്സുമായി കരാർ ഉണ്ടാക്കി പ്രസ്തുത പ്രോജക്റ്റ് നടത്തി വന്നിരുന്നത്. 16.07.2015 മുതൽ പ്രസ്തുത പദ്ധതി കേരള സർക്കാർ ആരോഗ്യവകുപ്പിനു കീഴിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെയും ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റിയുടെയും സഹകരണത്തോടെ നടത്തി വരുന്നു. ഇത് പുതുക്കുന്നതിന് സർക്കാർ |

| | |
|---|---|
| | ഉദ്ദേശിക്കുന്നുണ്ട്. ആയതിലേക്ക് പുതുക്കിയ പദ്ധതി നിർദ്ദേശം ലഭ്യമാക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ആംബുലൻസ് സേവനത്തിന് പ്രതിഫലം നൽകുന്നതിനുള്ള ഫണ്ട് ഏതു പദ്ധതിയിലൂടെയാണ് ലഭ്യമാകുന്നത്; ഇതേവരെ ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; | (സി) ഇതുവരെ പ്രസ്തുത പദ്ധതിയുടെ ക്യാപിറ്റൽ എക്സ്പെൻസ് നാഷണൽ ഹെൽത്ത് മിഷൻ വഴിയും പ്രവർത്തനചെലവുകൾ ആദ്യവർഷം 60 ശതമാനവും രണ്ടാം വർഷം 40 ശതമാനവും മൂന്നാം വർഷം മുതൽ 20 ശതമാനവും കേന്ദ്ര സഹായമായും ബാക്കി യഥാക്രമം 40%, 60%, 80% എന്നിവ സംസ്ഥാന സർക്കാർ വിഹിതവുമായാണ് ലഭ്യമാകുന്നത്. 19.05.2010 മുതൽ വാഹനങ്ങളുടെ പ്രവർത്തന ചെലവിനത്തിൽ രണ്ട് ഏജൻസികൾക്കുമായി 31.44 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) ജനോപകാരപ്രദമായ ഈ പദ്ധതി നിലനിർത്താൻ അടിയന്തര ശ്രദ്ധ ഉണ്ടാകുമോ? | (ഡി) 108 ആംബുലൻസുകളുടെ സേവനം നിലനിർത്തുന്നതിനും കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിലേയ്ക്കുമായി പ്രവർത്തനചെലവുകൾ എത്രയാണെന്ന് കാണിച്ച് വിശദമായ പദ്ധതി നിർദ്ദേശം അടിയന്തിരമായി സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ